വചനഭാഷ്യം
അൽമായ വീക്ഷണത്തിൽ
Laity Reflect on
Syro-Malabar Sunday Mass
SCRIPTURE READINGS

7 -ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

2022
ഡിസംബർ 04


മംഗളവാർത്ത രണ്ടാം ഞായർ



# അറിവോടെ, സമ്മതത്തോടെ

ഏശ 43:25-44:5, കൊളോ 4:2-6, ലൂക്കാ: 1:26-38

'ഞാനേറ്റവും ഇഷ്ടപ്പെടുന്ന ദിവസം മംഗളവാർത്താ ദിനമാണ്. കാരണം, അന്നാണ് ഈശോ ഏറ്റവും ചെറുതായത്' -വി.കൊച്ചുത്രേസ്യ.

ഏദൻ തോട്ടം മുതൽ തുടങ്ങിയ, രക്ഷകനു വേണ്ടിയുള്ള കാത്തിരിപ്പിതാ അവസാനിക്കാറായി. മാനവരാശിക്കുള്ള ഏറ്റവും മഹത്തായ ആനന്ദത്തിന്റെ വാർത്തയുമായി ദൈവദൂതനിതാ നസ്റത്തിലെ ഒരു സാധാരണ പെൺകുട്ടിയുടെ മുന്നിൽ വന്നു നിൽക്കുന്നു. മനുഷ്യനു മനസിലാകുന്ന ഭാഷയിൽ സ്വർഗ്ഗം സംസാരിച്ചു തുടങ്ങുന്നു. ലോകത്ത് ഏതൊരാളും കെട്ടുകഥയെന്നു വിളിച്ചു പരിഹസിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യാവുന്ന ഒരു കാര്യത്തെ, ദൈവത്തിന് എല്ലാം സാധ്യമാണെന്ന വിശ്വാസത്തിന്റെ പിൻബലത്തിൽ ആ കന്യക സ്വീകരിക്കുന്നു. സ്വർഗത്തിന് മാത്രം സ്വന്തമായിരുന്നവനെ ഇതാ, ഒരു മനുഷ്യസ്ത്രീ സ്വന്തമാക്കിയിരിക്കുന്നു. തന്നെ തന്നെ ശൂന്യനാക്കി ദൈവപുത്രൻ ഈ ലോകത്തിലേക്ക് കടന്നു വരുമ്പോൾ സ്വയം പരിത്യജിച്ച് സ്വന്തം ജീവനും മനസ്സും ശരീരവും അവനായി വിട്ടുകൊടുത്ത് മറിയമിതാ ഒരുക്കത്തിന്റെ നാളുകളിലേക്ക് പ്രവേശിക്കുന്നു. സത്യത്തിൽ പുതിയ നിയമത്തിലെ ആദ്യ അത്ഭുതം ഇതാണ്, പുരുഷനെ അറിയാത്ത ഒരുവൾ ഗർഭം ധരിച്ചിരിക്കുന്നു.

ഒരു മനുഷ്യസ്ത്രീയുടെ ഇടപെടൽ രക്ഷാകര ദൗത്യത്തിൽ അത്യന്താപേഷിതമാണെന്ന് ദൂതൻ മുഖേന അറിയിക്കുന്നതിലൂടെ ദൈവത്തിന് മനുഷ്യരോട് അനന്തമായ സ്നേഹം മാത്രമല്ല, മനുഷ്യരിൽ അഗാധമായ വിശ്വാസം കൂടി ഉണ്ടെന്നതിന്റെ തെളിവായി മാറുന്നു മംഗളവാർത്ത.

'ഭൂമിയിലെ മുഴുവൻ വിശ്വാസികളും ഇന്നോളം ദൈവത്തിൽ അർപ്പിച്ച വിശ്വാസവും മറ്റേത്തട്ടിൽ ദൈവം ഒരു ശരാശരി മനുഷ്യനിൽ അർപ്പിക്കുന്ന വിശ്വാസവും കൂടി തൂക്കി നോക്കുമ്പോൾ രണ്ടാമത്തെ തട്ട്



വിജയ് പി. ജോയി

ഇപ്പോഴും എപ്പോഴും താണു തന്നെ ഇരിക്കും' - ബോബിയച്ചൻ

## വലിയവർ, അത്യുന്നതന്റെ പുത്രർ

വലിയവരാകാനും അത്യുന്നത ദൈവത്തിന്റെ പുത്രീപുത്രന്മാരാകാനുമുള്ള സാധ്യതകളും അനുഗ്രഹങ്ങളും പേറി കൊണ്ടാണ് നിസ്സഹായരും നിഷ്കളങ്കരുമായ കുഞ്ഞുങ്ങൾ ഈ ഭൂമിയിലേക്ക് പിറന്നു വീഴുന്നത്.

ഖത്തർ ലോകകപ്പിന്റെ ഉത്ഘാടന വേദിയിലേക്കൊന്നു നോക്കൂ. ലോകം മുഴുവൻ ഉറ്റു നോക്കിയതും തുടർന്നങ്ങോട്ട് സാമൂഹിക മാധ്യമങ്ങളിൽ നിറഞ്ഞു നിന്നതും ആ ഒരു പേരായിരുന്നു. ഗനിം അൽ മുഫ്താഫ്. നട്ടെലിന്റെ വളർച്ച മുരടിക്കുന്ന കോഡൽ റെഗ്രെഷൻ എന്ന അസുഖം ബാധിച്ച, കാലുകളില്ലാത്ത ആ ഇരുപത്തിരണ്ടു കാരനോട് ഉദരത്തിൽ വച്ച് തന്നെ വിട ചൊല്ലിക്കോളാനായിരുന്നു വൈദ്യശാസ്ത്രത്തിന്റെ നിർദേശം. പിറന്നു വീണപ്പോഴാകട്ടെ 15 വയസിനപ്പുറം ജീവിക്കില്ലെന്ന ഓർമപ്പെടുത്തലും. എന്നിട്ടും ദൈവകൃപയാൽ അവൻ വളർന്നു. എല്ലാം സാധ്യമാണെന്നും എല്ലാവരും ഏകോദര സഹോദരങ്ങളാണെന്നും വിളിച്ചു പറഞ്ഞുകൊണ്ട് അവനാ ഫുട്ബോൾ വേദിയിൽ മാത്രമല്ല, ലോകം മുഴുവൻ പ്രകാശം പരത്തുന്ന നക്ഷത്രമായി മാറി.

അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും, നീ ഒരു കുഞ്ഞിന് ജന്മം നൽകുമെന്ന് ദൂതൻ മറിയത്തെ അറിയിക്കുമ്പോൾ അത്, യേശുവിന്റെ കാര്യത്തിൽ മാത്രമല്ല, ഏതൊരു പിറവിക്ക് പിന്നിലുമുള്ള ദൈവീക ഇടപെടലിന്റെ സൂചനയായി വായിച്ചെടുക്കണം. മാനുഷികമായ അനുകൂലനങ്ങളാൽ മാത്രമല്ല, ഒരു കുഞ്ഞ് ഉദരത്തിൽ രൂപം കൊള്ളുന്നത്. അതിനു പിന്നിൽ കൃത്യമായ ദൈവീക പദ്ധതിയും പരിപാലനയുമുണ്ട്. ജീവന്റെ ഒരു കണിക ശ്രദ്ധയായി, ചലനമായി, കാഴ്ചയായി, കേൾവി യായി ഒക്കെ പരിണമിക്കുന്നതി നേക്കാൾ വിസ്മയകരമായ എന്തുണ്ടീ വാഴ് വിൽ....

ഓരോ പിറവിയിലും, അത് ഭൂമിയിലെ മറ്റൊരു ക്രിസ്തുമസായി മാറാനുള്ള സാധ്യത ഒളിഞ്ഞിരിക്കുന്നുണ്ടെന്ന വെട്ടം കിട്ടിയാൽ നമ്മുടെ കൈകളിലേക്ക് വച്ചു തരുന്ന ജീവമുകുളത്തെ കരുതലോടും ആദരവോടും അതിലേറെ നന്ദിയോടും കൂടെ മാത്രമേ സ്വീകരിക്കാനാവൂ. കുഞ്ഞുങ്ങളെ എന്റെ നാമത്തിൽ സ്വീകരിക്കുവിൻ എന്നാണ് വളർന്നു വലുതായപ്പോൾ ദൈവപുത്രനും നമ്മോടാവശ്യപ്പെട്ടത്.

ആദ്യ ക്രിസ്തുമസിന് മുലപ്പാലിന്റെ മാത്രമല്ല, ഇളം ചോരയുടെ ഗന്ധവുമുണ്ടായിരുന്നു. ഇന്നും ആ ഗന്ധത്തിന്റെ രൂക്ഷത കുറഞ്ഞിട്ടില്ല. ഉദരത്തിനകത്തും പുറത്തും വച്ച് മനുഷ്യജന്മങ്ങൾക്ക് അനുമതി നിഷേധിക്കുന്ന, ആ നിഷേധങ്ങൾ മനുഷ്യസ്വാതന്ത്ര്യത്തിന്റെ ആഘോഷമായി കൊണ്ടാടപ്പെടുന്ന, മതം-വംശം-ദേശം എന്നിവയുടെ അടിസ്ഥാനത്തിൽ മനുഷ്യരെ ജീവിക്കാൻ അനുവദിക്കാത്ത, മാനവകുലത്തെ മുഴുവൻ ഇല്ലായ്മ ചെയ്യാൻ കെല്പുള്ള പോരാട്ടങ്ങളിൽ ഏർപ്പെടുന്ന, ഈ കാലത്തിൽ നിന്നുകൊണ്ട് ക്രിസ്തുമസിനായി ഒരുങ്ങുമ്പോൾ നിഷ്കളങ്ക രക്തത്തിൽ കുതിർന്ന ബെത്ലെഹെമിൽ നിന്നും തിരുക്കുടുംബം പലായനം ചെയ്തെന്ന വായന, നമ്മിൽ നിന്നും എടുത്തു മാറ്റുന്നത് ക്രിസ്തുമസിന്റെ ആനന്ദവും പ്രത്യാശയുമാണ്.

'നെറ്റിയിൽ ദൈവത്തിന്റെ ചുംബനവും, പാൽപുഞ്ചിരിയിൽ പ്രത്യാശയുടെ പൊൻകിരണവും ഒളിപ്പിച്ച്, മാലാഖമാരുടെ കരം പിടിച്ചു കടന്നു വരുന്ന കുഞ്ഞുങ്ങൾക്ക് വന്ദനം'.

## എല്ലാം സാധ്യമാണ്, ദൈവത്തിന്

എന്നും പ്രാധാന്യമുള്ളതും എന്നും പ്രത്യാശ പകരുന്നതുമായ വാർത്തയാണ് മംഗളവാർത്ത. ദൈവത്തിന്റെ പുത്രൻ ഭൂമിയിൽ മനുഷ്യനായി അവതരിക്കുന്നുവെന്നും അവന് എല്ലാം സാധ്യമാണെന്നുമുള്ള സുവിശേഷം മനുഷ്യവംശത്തിന്റെ സകല നിസ്സഹായതകൾക്കും സന്ദേഹങ്ങൾക്കും സങ്കടങ്ങൾക്കുമുള്ള ഉത്തരമാണ്. ആ വചനത്തിൽ വിശ്വസിച്ച്, ദൈവത്തിനു വേണ്ടി സമ്പൂർണ സമർപ്പണം നടത്തിയതിനാലാണ് സംശയത്തിന്റെ വാൾമുനയിലും വ്യാകുലങ്ങൾക്ക് നടുവിലും 'ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു' എന്ന ആനന്ദഗാനം ആലപിക്കാൻ മറിയത്തിനു സാധിച്ചത്. ജീവിതാവസാനത്തോളം ആ വചന വിളക്കിന്റെ വെട്ടത്തിലായിരുന്നു മറിയത്തിന്റെ ജീവിതം. സന്തോഷങ്ങളെല്ലാം കെട്ടു പോയ കാനായിലും, യേശുവിന്റെ സ്വർഗാരോഹണത്തിനു ശേഷം പ്രതീക്ഷകളെല്ലാം അസ്തമിച്ച ശിഷ്യർക്ക് നടുവിലും പ്രത്യാശയുടെ പ്രകാശം പരത്താൻ മറിയത്തിനു സാധിച്ചു എന്നത് അവളുടെ ദൈവാശ്രയബോധത്തിന്റെ തെളിവാണ്.

മറിയത്തെ പോലെ, പുൽക്കൂട്ടിലെ ആ കുഞ്ഞു ദൈവത്തെ കുറേക്കൂടി ഗൗരവമായിട്ടെടുക്കാനും, അവനിൽ പ്രതീക്ഷ അർപ്പിക്കാനും, കണ്ടു മുട്ടുന്ന മനുഷ്യരിലെല്ലാം അവന്റെ മനുഷ്യാവതാരം ദർശിക്കാനും സാധിച്ചാൽ ഭയങ്ങളിൽ നിന്ന് മോചനവും സംശയങ്ങൾക്ക് ഉത്തരങ്ങളും സഹനങ്ങളിൽ സ്ഥൈര്യവും മുറിവുകൾക്ക് സൗഖ്യവും പരാജയങ്ങളിൽ നിന്നുള്ള കരകയറലും നഷ്ടമായവയുടെ വീണ്ടെടുക്കലും ബന്ധങ്ങളുടെ പുതുക്കി പണിയലുമെല്ലാം സംഭവ്യമാകും. കാരണം ഒന്നേയുള്ളൂ, ദൈവത്തിന് എല്ലാം സാധ്യമാണ്.

'വരണ്ട ഭൂമിയിൽ ജലവും ഉണങ്ങിയ നിലത്ത് അരുവികളും ഞാൻ ഒഴുക്കും. നിന്റെ സന്തതികളുടെ മേൽ എന്റെ ആത്മാവും നിന്റെ മക്കളുടെ മേൽ എന്റെ അനുഗ്രഹവും ഞാൻ വർഷിക്കും'- ഏശയ്യ: 44:3 ( ഈ ഞായറാഴ്ചയിലെ പഴയനിയമ വായന)

## വാക്കാണ് സത്യം

നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ എന്നത് ഒരു വാക്ക് നൽകലാണ്. അത് അനുസരണയുടെ എളിയ സ്വരമല്ല, പ്രതിജ്ഞയുടെ ദൃഢസ്വരമാണ്.

ആദിയിൽ ദൈവത്തോടു കൂടെയായിരുന്നതും ദൈവത്തിൽ

നിന്നു വരുന്നതും സകലതും രൂപപ്പെടുത്തിയതും വാക്കാണ്. സകലതും കടന്നു പോകുമ്പോഴും അവശേഷിക്കുന്നതും വാക്ക് തന്നെ. ഞാനെന്റെ വാക്കിന്റെ നിഴലാണെന്നാണ് ഒക്ടോവിയോ പാസ് കണ്ടെത്തുന്നത്. ദൈവത്തിൽ നിന്നും പുറപ്പെട്ട വാക്കിന് രൂപവും ഭാവവും അർത്ഥവും ജീവനും കൈവന്നപ്പോഴാകട്ടെ അത് ക്രിസ്തുവായി മണ്ണിൽ അവതരിച്ചു.

വചനമാകുന്ന ക്രിസ്തുവിനെ ശ്രദ്ധാപൂർവം വായിക്കാൻ, ആഴത്തിൽ ധ്യാനിച്ച് ഉള്ളിൽ സ്വാംശീകരിക്കാൻ, വചനാനുസൃതം ജീവിതത്തെ പാകപ്പെടുത്താൻ, സംശയലേശമെന്യേ വചനം പങ്കുവയ്ക്കാൻ, ഇതിനൊക്കെയുള്ള ഒരു ക്ഷണം കൂടിയുണ്ട് മംഗളവാർത്തയിൽ. ബൈബിളിനെ നെഞ്ചോട് ചേർത്ത് പിടിക്കുക എന്നതാണ് അതിനുള്ള ആദ്യപടി. കടലിന്റെ ആഴങ്ങളിലും ആകാശത്തിന്റെ ഉയരങ്ങളിലും ഭൂമിയുടെ അതിരുകളിലും എന്തുണ്ടെന്നറിയാൻ ഗൂഗിളിൽ ഒന്ന് സെർച്ച് ചെയ്താൽ മതി. പക്ഷേ, പ്രപഞ്ചം മുഴുവൻ നിറഞ്ഞു നിൽക്കുന്നവന്റെ ഹൃദയ വിചാരങ്ങൾ വെളിപ്പെട്ടു കിട്ടണമെങ്കിൽ വചനത്തെ കണ്ണ് തുറന്നു വായിക്കാനും കണ്ണടച്ച് ധ്യാനിക്കാനും സമയം കണ്ടെത്തണം. അപ്പോൾ ചില വചനങ്ങൾ സാക്ഷാൽക്കരിക്കാനുള്ള ഉത്തരവാദിത്വം നമുക്കാണെന്ന വെട്ടം കിട്ടും. കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കുമെന്ന പ്രവാചക വചനത്തെ മറിയം ഏറ്റെടുത്തത് അത്തരമൊരു ഉൾവിളിയിൽ നിന്നാണ്. വചനാനുസൃതമായ ചില കടമകൾ നിറവേറ്റപ്പെടുമ്പോഴാണ് വചനം മാംസം ധരിച്ചു എന്നതിനു നമ്മിലൂടെയും പൂർത്തീകരണം ഉണ്ടാവുക.

'എപ്പോഴൊക്കെ ഒരാൾ ബൈബിൾ വായിക്കുന്നുവോ അപ്പോഴൊക്കെ അയാൾക്കായി ക്രിസ്തു ജനിക്കാനും ജീവിക്കാനും തുടങ്ങുന്നു'
- ഫാ.ജോസ് സുരേഷ്

ദൈവകൃപ നിറഞ്ഞവളേ സ്വസ്തി



എന്ന അഭിസംബോധനയോടെ സംസാരം ആരംഭിക്കുന്ന, മംഗളവാർത്തയിലെ ഗബ്രിയേലിന്റെ വാക്കുകളെയും ഒന്നു വിചിന്തനം ചെയ്യാം.

വാക്കുകളിൽ മറ്റുള്ളവരോടുള്ള ആദരവും അവരുടെ നന്മകളിലേക്കുള്ള സൂചനകളും നിറയട്ടെ. ഒപ്പം, അപരന്റെ വാക്ക് കേൾക്കുക, അവരുമായി സ്നേഹസംവാദങ്ങളിൽ ഏർപ്പെടുക, ചോദ്യങ്ങൾക്ക് വചന വെളിച്ചത്തിൽ ഉത്തരങ്ങൾ നൽകിയും തെളിവുകൾ നിരത്തിയും കൃത്യമായ ബോധ്യങ്ങളിലേക്ക് അവരെ കൂട്ടിക്കൊണ്ടു പോവുക, ആ വിശ്വാസങ്ങളിൽ ആഴപ്പെട്ട് ജീവിക്കാൻ അവരെ പ്രചോദിപ്പിക്കുക. അപ്പോൾ നമ്മുടെ മൊഴികളിലൂടെ മനുഷ്യരുടെ അജ്ഞതകളിലേക്ക് പരി.ആത്മാവിന്റെ അറിവും, ബലഹീനതകളിലേക്ക് അത്യുന്നതന്റെ ശക്തിയും കടന്നു വരും. നമുക്കാകട്ടെ ചുമലുകളിൽ ചിറകുകളും മുളയ്ക്കും.

ഒടുവിലായി, മംഗളവാർത്തയുടെ നസ്രത്ത് ഭവനം വിട്ട് ഗലീലിയിലേക്കൊന്ന് പോയി വരാം. അവിടെയതാ, ജനക്കൂട്ടത്തിൽ നിന്നൊരു സ്ത്രീ ഉച്ചത്തിൽ വിളിച്ചു പറയുന്നു. 'നിന്നെ വഹിച്ച ഉദരവും നിന്നെ പാലൂട്ടിയ മുലകളും ഭാഗ്യമുള്ളവ.' അവനപ്പോൾ ഇങ്ങനെ കൂട്ടിച്ചേർത്തു, 'ദൈവവചനം കേട്ട് അത് പാലിക്കുന്നവർ കൂടുതൽ ഭാഗ്യവാന്മാർ'

ദൈവകൃപ നിറഞ്ഞ ഭാഗ്യജന്മങ്ങളാകാൻ ഒന്നേ ചെയ്യേണ്ടതുള്ളൂ, കേട്ടറിഞ്ഞതും വായിച്ചു ധ്യാനിച്ചതുമായ ദൈവവചനത്തിന് പൂർണമായ അറിവോടും സമ്മതത്തോടും കൂടെ ആമ്മേൻ ചൊല്ലുക.
ആമ്മേൻ.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com